സെപ്തംബർ 2020

# മുസിരിസ് വാർത്ത

www.muzirisheritage.org muzirisheritage


മുസിരിസ് പൈതൃക പദ്ധതി



# തലകുനിക്കാത്ത സ്വാതന്ത്ര്യത്തിന്റെ ധീരശബ്ദം

## മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബ്

# തലകുനിക്കാത്ത സ്വാതന്ത്ര്യത്തിന്റെ ധീരശബ്ദം
# മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബ്



പാടിടട്ടെ സുസ്വതന്ത്രകണ്ഠമുയർത്തെങ്ങൾ

പാടലമാം നിൻ കീർത്തി തലമുറകൾക്കായി

എങ്കിലെന്തീഹർഷബിന്ദു തങ്കുമോ നിൻ കാതിൽ

മഹളാത്മനേ, മുഹമ്മദബ്ദുറഹ്മാനേ!

മലയാളത്തിന്റെ പ്രിയ കവി ഇടശ്ശേരി മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബിനെക്കുറിച്ചെഴുതിയ ഈ വരികൾ ഇന്നും കാലത്തിന്റെ ചുമരുകളിൽ തട്ടി പ്രതിധ്വനിക്കുന്നു. കൊടുങ്ങല്ലൂരിൽ പിറന്ന് സ്വാതന്ത്ര്യത്തിന്റെ പുതിയ ആകാശത്തിനായി മരണം വരെ പോരാടിയ ധീരയോദ്ധാവായിരുന്നു അബ്ദുറഹ്മാൻ സാഹിബ്. മതനിരപേക്ഷവും സാഹോദര്യത്തിലധിഷ്ഠിതവുമായ ഒരു രാജ്യത്തെ സ്വപ്നം കണ്ട, അതിനായി സന്ധികളില്ലാത്ത സമരത്തിലേർപ്പെട്ട സ്വാതന്ത്ര്യസമരത്തിലെ ഉജ്ജ്വലനക്ഷത്രം. 'കേരളത്തിന്റെ സുഭാഷ് ചന്ദ്രബോസ്' എന്ന അദ്ദേഹത്തിന്റെ വിശേഷണം കേവലമൊരു സ്തുതിവാചകമായിരുന്നില്ല, തലകുനിക്കാത്ത സമരധീരതയുടെ തെളിവായിരുന്നു.

1898ൽ കൊടുങ്ങല്ലൂരിൽ ജനിച്ച അബ്ദുറഹ്മാൻ സാഹിബ് കോഴിക്കോട് മാസൽ മിഷൻ കോളേജിലും തുടർന്ന് മദ്രാസ് പ്രസിഡൻസി കോളേജിലും പഠിച്ചു. മൗലാനാ അബ്ദുൾകലാം ആസാദിന്റെ 'ഖിലാഫത്ത് ആൻഡ് ജസീറത്തുൽ അറബ്' വായിച്ച അബ്ദുറഹ്മാൻ നാടിന്റെ സ്വാതന്ത്ര്യത്തിനായി സ്വയം ത്യജിക്കേണ്ട കാലമാണിതെന്ന തിരിച്ചറിവിലെത്തുകയും ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനു വേണ്ടി സ്വയം സമർപ്പിക്കാൻ തയ്യാറാവുകയും ചെയ്തു. 1920 കളിൽ ഗാന്ധിജിയുടെ നേതൃത്വത്തിൽ ദേശീയപ്രസ്ഥാനം ശക്തിയാർജ്ജിച്ചുവരുന്ന

കാലമായിരുന്നു അത്. തന്റെ പഠനമുപേക്ഷിച്ച് അദ്ദേഹം കോഴിക്കോട്ടേക്ക് മടങ്ങി. 1921ൽ മാധവൻ നായർക്കൊപ്പം നാഗ്പൂരിലെ സമ്മേളനത്തിലും തുടർന്ന് ഒറ്റപ്പാലത്തു നടന്ന കോൺഗ്രസ് സംസ്ഥാന സമ്മേളനത്തിലും പങ്കെടുത്തുകൊണ്ടായിരുന്നു മുഹമ്മദ് അബ്ദുറഹ്മാന്റെ രാഷ്ട്രീയ രംഗപ്രവേശം. പിന്നീട് മരണം വരെ ആ പോരാളിക്ക് സമരതീഷ്ണമായ കാലമായിരുന്നു.

1921 കേരളത്തിന്റെ സമരചരിത്രത്തിൽ രക്തപങ്കിലമായ അദ്ധ്യായമാണ്. ബ്രിട്ടീഷുകാർക്കെതിരെ ആയുധമേന്തിയ മാപ്പിളമാർ നയിച്ച മലബാർ കലാപം മലബാറിന്റെ മണ്ണിനെ ചുവപ്പിച്ച കാലം. 1921 ജൂലൈ 24ന് പൊന്നാനിക്കടുത്ത് പാതാറിൽ അബ്ദുറഹ്മാൻ സാഹിബ് ഉലമ സമ്മേളനം സംഘടിപ്പിച്ചു. ആയുധമേന്തിയ മുസ്ലീം സമൂഹത്തെ സമാധാനത്തിന്റെ പാതയിലേക്ക് തിരിച്ചുകൊണ്ടുവരാൻ അദ്ദേഹം പരമാവധി ശ്രമിച്ചു. ആ ശ്രമങ്ങൾ പരാജയപ്പെട്ടെങ്കിലും വലിയൊരു മുസ്ലീം സമൂഹത്തെ കൊടുംവിപത്തിൽ നിന്ന് രക്ഷിക്കാനും ജനാധിപത്യപരമായ സമര മാർഗങ്ങളിലേക്ക് തിരിച്ചുവിടാനും അബ്ദുറഹ്മാൻ സാഹിബിനായി. തികഞ്ഞ മതവിശ്വാസിയും അടിയുറച്ച മതേതരവാദിയുമായിരുന്നു അബ്ദുറഹ്മാൻ സാഹിബ്. ഹിന്ദുക്കൾ തങ്ങളുടെ സഹോദരന്മാരാണെന്നും, മുസ്ലീങ്ങളും ഹിന്ദുക്കളുമെല്ലാമടങ്ങുന്ന ഇന്ത്യക്കാരുടെ ഒന്നാകെയുള്ള പ്രതിഷേധത്തിന്റെ കുന്തമുന ബ്രിട്ടീഷ് ആധിപത്യത്തിനെതിരെ ആഞ്ഞടിക്കണമെന്നും അബ്ദുറഹ്മാൻ സാഹിബ് നാട്ടുനീളെ പ്രസംഗിക്കുകയും എഴുതുകയും ചെയ്തു. മലബാർ കലാപാനന്തരമുള്ള മലബാറിലെ മനുഷ്യരുടെ ദുരവസ്ഥ ഇന്ത്യയിലെമ്പാടുമുള്ള നേതാക്കളുടെ ശ്രദ്ധയിൽ കൊണ്ടുവന്നത് അബ്ദുറഹ്മാൻ സാഹിബിന്റെ പ്രവർത്തനങ്ങളിലൂടെയായിരുന്നു. ഹിന്ദു അടക്കമുള്ള ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങളിൽ അദ്ദേഹം നിരന്തരം എഴുതിക്കൊണ്ടിരുന്നു. ഈ തുറന്നെഴുത്തുകളിൽ പ്രകോപിതരായ ബ്രിട്ടീഷുകാർ അബ്ദുറഹ്മാൻ സാഹിബിനെതിരെ കേസെടുക്കുകയും 21 വർഷത്തെ കഠിനതടവിനു ശിക്ഷിക്കുകയും ചെയ്തു.

ബല്ലാരിയിലെ ആലിപ്പൂർ ജയിലിലേക്കാണ് അബ്ദുറഹ്മാൻ സാഹിബിനെ കൊണ്ടുപോയത്. ജയിലിനകത്തും തന്റെ പോരാട്ടം സാഹിബ് അവസാനിപ്പിച്ചില്ല. ഒരേ സമയം വിശ്വാസവും മതനിരപേക്ഷതയും മുറുകെപ്പിടിച്ച സാഹിബിന്റെ സമരങ്ങൾ അന്ന് ഗാന്ധിമാർഗത്തിലായിരുന്നു. നിസ്കരിക്കാനായി മുട്ടിനു താഴെയെത്തുന്ന വസ്ത്രം വേണമെന്ന ആവശ്യവുമായി 23 ദിവസമാണ് സാഹിബ് ജയിലിൽ നിരാഹാരമനുഷ്ഠിച്ചത്. 1923 ആഗസ്റ്റ് 11 ന് ജയിൽ മോചിതനായ സാഹിബ് പിന്നീട് ഉത്തരേന്ത്യയിലാകെ സഞ്ചരിക്കുകയും പ്രമുഖനേതാക്കളുടെ ശ്രദ്ധയിൽ മലബാറിലെ കലാപാനന്തരസമൂഹത്തിന്റെ നരകയാതനകൾ കൊണ്ടുവരികയും ചെയ്തു. കലാപകാരികളെ ആന്തമാനിലേക്കു നാടുകടത്തുന്ന ബ്രിട്ടീഷുകാരുടെ 'ആന്തമാൻ സ്കീ'മിനെതിരെയും മാപ്പിളമാരെ വെടിവെക്കാനുള്ള അനുവാദം നൽകുന്ന 'മാപ്പിള ഔട്ട്രേജസ്റ്റ് ആക്ടി'നെതിരെയും അദ്ദേഹം രംഗത്തെത്തി.

മലയാളത്തിന്റെ പത്രപ്രവർത്തനചരിത്രത്തിന്റെ ധീരശബ്ദമാണ് അബ്ദുറഹ്മാൻ സാഹിബ് ആരംഭിച്ച അൽ അമീൻ ദിനപത്രം. 1924 ഒക്ടോബർ 12 അൽ അമീൻ പ്രസിദ്ധീകരണമാരംഭിച്ചു. ദേശീയപ്രസ്ഥാനത്തിലേക്ക് മുസ്ലീങ്ങളെയും ആകർഷിക്കുകയായിരുന്നു അൽ അമീന്റെ പ്രധാനധർമ്മം. കോൺഗ്രസിനകത്തെ സവർണ്ണനേതാക്കളിൽ നിന്നും മുസ്ലീം യാഥാസ്ഥിതികരിൽ നിന്നും ഒരുപോലെ അബ്ദുറഹ്മാൻ എതിർപ്പു നേരിട്ടു. ഉപ്പുസത്യാഗ്രഹത്തിന്റെ മുൻ നിരയിൽ അബ്ദുറഹ്മാൻ സാഹിബുണ്ടായിരുന്നു. 1930 മെയ് 12 ന് കോഴിക്കോട് കടപ്പുറത്ത് ഉപ്പുകുറുക്കിയ അബ്ദുറഹ്മാനെയും ഒപ്പമുള്ള സമരസേനാനികളെയും സൂപ്രണ്ടിന്റെ നേതൃത്വത്തിലുള്ള





പോലീസ് അതിക്രൂരമായി മർദ്ദിക്കുകയായിരുന്നു. പിന്നീട് ജയിലിൽ കിടന്നും അദ്ദേഹം നിയമലംഘനപ്രസ്ഥാനത്തിനു വേണ്ടി അൽ അമീനിൽ എഴുതി. "വൈദേശിക ദുർഭൂതത്തിനു മുന്നിൽ ജീവനുള്ള കാലം തലകുനിക്കുകയില്ല" എന്ന ധീരമായ അബ്ദുറഹ്മാന്റെ പ്രഖ്യാപനം അന്ന് അൽ അമീനിൽ പ്രത്യക്ഷപ്പെട്ടു. 1930ൽ അൽ അമീൻ പ്രസ് പിടിച്ചെടുത്ത് ബ്രിട്ടീഷ് ഭരണകൂടം സീലുവെച്ചു.

1937ൽ ഏറനാട് വള്ളുവനാട് നിയോജകമണ്ഡലത്തിൽ നിന്ന് വലിയ ഭൂരിപക്ഷത്തിൽ അദ്ദേഹം മദ്രാസ് അസംബ്ലിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു.1938 മുതൽ 1940 വരെയുള്ള കാലം സാഹിബ് കെ പി സി സി യുടെ പ്രസിഡണ്ടായി സ്ഥാനമേറ്റു. കോൺഗ്രസിലേക്ക് മതജാതിഭേദമില്ലാതെ മലയാളികളെ ഒന്നിച്ചുനിർത്തി സ്വാതന്ത്ര്യസമരത്തിന്റെ അടർക്കളത്തിലേക്കിറക്കുന്നതിൽ അബ്ദുറഹ്മാൻ സാഹിബിന്റെ നേതൃകാലം വഹിച്ച പങ്ക് അതിപ്രധാനമായിരുന്നു. പിന്നീട് നേതാജി സുഭാഷ് ചന്ദ്രബോസ്  ഫോർവേഡ് ബ്ലോക്ക് ഉണ്ടാക്കിയപ്പോൾ കോൺഗ്രസിലെ എല്ലാ സ്ഥാനങ്ങളും ത്യജിച്ച് സാഹിബ് ഫോർവേഡ് ബ്ലോക്കിൽ ചേർന്ന് കേരളഘടകത്തിന്റെ സ്ഥാപകനായി മാറി. നേതാജി അറസ്റ്റ് ചെയ്യപ്പെട്ടതിനു തൊട്ടുപിന്നാലെ 1940 ജൂലൈ 3 ന് അബ്ദുറഹ്മാൻ സാഹിബിനേയും രാജ്യരക്ഷാനിയമപ്രകാരം ബ്രിട്ടീഷുകാർ അറസ്റ്റ് ചെയ്തു. 5 വർഷത്തെ ജയിൽ വാസത്തിനു ശേഷമായിരുന്നു പിന്നീട് സാഹിബ് ജയിൽ മോചിതനായത്. ഇന്ത്യ - പാക് വിഭജനവാദം കൊടുമ്പിരിക്കൊണ്ട അക്കാലത്ത് വിഭജനത്തെ ശക്തമായി എതിർത്ത സാഹിബ് വലിയ എതിർപ്പുകൾ നേരിട്ടു. 1945 നവംബർ 23ന് കോഴിക്കോട് കൊടിയത്തൂരിൽ ഒരു  പൊതുപരിപാടി കഴിഞ്ഞ് മടങ്ങവേ രാത്രിയിൽ കുഴഞ്ഞുവീണായിരുന്നു അബ്ദുറഹ്മാൻ സാഹിബിന്റെ മരണം.

കൊടുങ്ങല്ലൂരിന്റെ ധീരപുത്രനായ അബ്ദുറഹ്മാൻ സാഹിബ് കേരളത്തിന്റെ രാഷ്ട്രീയചരിത്രത്തിലെ തലകുനിയാത്ത സമരവീര്യത്തിന്റെ പര്യായമാണ്. അതോടൊപ്പം സ്വതന്ത്രകേരളത്തിൽ നിലവിൽ വന്ന പല ജനാധിപത്യമാറ്റങ്ങളുടേയും പശ്ചാത്തലത്തിലും അബ്ദുറഹ്മാൻ സാഹിബിന്റെ സ്വാധീനമുണ്ട്. 1939ൽ രാജാജി മന്ത്രിസഭ ഭൂബന്ധങ്ങളെക്കുറിച്ച് പഠിക്കാൻ നിയോഗിച്ച കമ്മറ്റിയിലെ അംഗമെന്ന നിലയിൽ അബ്ദുറഹ്മാൻ സാഹിബ്  ഇ എം എസ് നമ്പൂതിരിപ്പാടിനും ഇ കണ്ണനുമൊപ്പം സമർപ്പിച്ച വിയോജനക്കുറിപ്പാണ് പിന്നീട് കേരളത്തിൽ നടപ്പിലാക്കപ്പെട്ട ഭൂപരിഷ്കരണനിയമങ്ങളുടെ അടിസ്ഥാനരേഖയായിത്തീർന്നത്. മരണം വരെ സ്വാതന്ത്ര്യപ്പോരാട്ടിൽ ഉറച്ചുനിൽക്കുകയും മതവിശ്വാസവും മതനിരപേക്ഷതയും മുറുകെപ്പിടിക്കുകയും ചെയ്ത അബ്ദുറഹ്മാൻ സാഹിബിനെക്കുറിച്ച് പിന്നീട് കവി അയ്യപ്പപ്പണിക്കർ എഴുതി -

അങ്ങനെയൊരാൾ നമുക്കുണ്ടായിട്ടില്ല മുൻപും

പിൻപുമെന്നോർക്കുന്നേരം ക്ഷമിക്കു നേതാക്കളേ!

കൊടുങ്ങല്ലൂരിൽ നിന്ന് ബ്രിട്ടീഷ് വിരുദ്ധസമരത്തിലേക്ക് കുതിച്ചുയർന്ന അഗ്നിശലാകയായിരുന്നു മുഹമ്മദ് അബ്ദുറഹ്മാൻ. മുട്ടുമടങ്ങാത്ത സമരധീരതയുടെ അവിസ്മരണീയമായ ചരിത്രാദ്ധ്യായം.

# കോട്ടപ്പുറം – മാള ജലയാത്ര



കോട്ടപ്പുറം-മാള ജലപാത കണ്ടെത്തുന്നതിന്റെ ഭാഗമായി ബോട്ട് ട്രിപ്പ് സംഘടിപ്പിച്ചു. കോട്ടപ്പുറത്തുനിന്നു ആരംഭിച്ച ബോട്ട് യാത്രയിൽ മുസിരിസ് പൈതൃക പദ്ധതി എം. ഡി. ശ്രീ. പി എം നൗഷാദ്, മാർക്കറ്റിംഗ് മാനേജർ ശ്രീ. ഇബ്രാഹിം സബിൻ, ഫിനാൻസ് മാനേജർ കുമാരി സോണി റോയ്, മ്യൂസിയം മാനേജർമാരായ ഡോ. മിഥുൻ സി ശേഖർ, സജ്ന വസന്ത് രാജ്, നിമ്മി കെ ബി തുടങ്ങിയവർ ഉണ്ടായിരുന്നു. പുതിയ ജലപാതയിലൂടെ മാള കടവിൽ എത്തിയ സംഘത്തെ വി ആർ സുനിൽകുമാർ MLAയുടെ നേതൃത്വത്തിലുള്ള സംഘം സ്വീകരിച്ചു. തിരിച്ചുള്ള യാത്രയിൽ MLAയും ചേർന്നു.





# ബസ് സ്റ്റാന്റ് ഉദ്ഘാടനം

കൊടുങ്ങല്ലൂർ മുസിരിസ് ബസ് സ്റ്റാൻഡ് വി ആർ സുനിൽ കുമാർ എം എൽ എ ഉദ്ഘാടനം ചെയ്തു. കാവിൽ കടവിലെ നഗരസഭയുടെ മൂന്നേക്കർ സ്ഥലം വിട്ടു നൽകുമ്പോൾ പൈതൃക പദ്ധതിയുമായി ഉണ്ടാക്കിയ കരാറിന്റെ അടിസ്ഥാനത്തിൽ മുസിരിസ് പൈതൃക പദ്ധതിയാണ് ബസ് സ്റ്റാൻഡ് നിർമ്മിച്ച് നഗരസഭക്ക് കൈമാറിയത്.






# വിസിറ്റേഴ്സ് സെന്റർ ഉദ്ഘാടനം

കൊടുങ്ങല്ലൂർ കാവിൽക്കടവിൽ നിർമ്മിച്ച മുസിരിസ് വിസിറ്റേഴ്സ് സെന്ററിന്റെ ഉദ്ഘാടനം സഹകരണ-ടൂറിസം മന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രൻ ഓൺലൈനിൽ നിർവ്വഹിച്ചു. മുസിരിസ് പൈതൃക പദ്ധതി പ്രദേശത്തേക്കുള്ള പ്രവേശന കവാടമായാണ് ഈ സന്ദർശന കേന്ദ്രം നിർമ്മിച്ചിരിക്കുന്നത്. പദ്ധതി പ്രദേശത്തേക്ക് വരുന്ന ടൂറിസ്റ്റുകൾക്ക് പദ്ധതിയെക്കുറിച്ചും പദ്ധതി പ്രദേശങ്ങളെ കുറിച്ചും കേരളത്തിലെ മറ്റു വിനോദ സഞ്ചാര കേന്ദ്രങ്ങളെക്കുറിച്ചും പൂർണവിവരങ്ങൾ പരിചയപ്പെടുത്തുന്നതിന് നിർമ്മിച്ചതാണ് മുസിരിസ് വിസിറ്റേഴ്സ് സെന്റർ. കൊടുങ്ങല്ലൂർ നഗരസഭ കൈമാറിയ മൂന്ന് ഏക്കർ സ്ഥലത്ത് രണ്ടു നിലകളിലായി മൂന്ന് കോടി രൂപ ചെലവഴിച്ച് നിർമ്മിച്ച സെന്ററിൽ ഒരു മ്യൂസിയവും ഉടൻ ആരംഭിക്കും. അഡ്വ വി ആർ സുനിൽകുമാർ എംഎൽഎ അധ്യക്ഷത വഹിച്ച ചടങ്ങിൽ കൊടുങ്ങല്ലൂർ നഗരസഭ ചെയർമാൻ കെ ആർ ജൈത്രൻ, വാർഡ് കൗൺസിലർ രേഖ സൽപ്രകാശ്, പൈതൃക പദ്ധതി മാനേജിങ് ഡയറക്ടർ പി എം നൗഷാദ്, കൺസർവേഷൻ കൺസൾട്ടൻസി ഡോ ബെന്നി കുര്യാക്കോസ്, മാർക്കറ്റിംഗ് മാനേജർ ഇബ്രാഹിം സബിൻ, ഫിനാൻസ് മാനേജർ കുമാരി സോണി റോയ് എന്നിവർ പങ്കെടുത്തു.

# സ്റ്റാഫ് ട്രെയിനിംഗ്

മുസിരിസ് പൈതൃക പദ്ധതിക്കു കീഴിൽ ജോലി ചെയ്യുന്ന സെക്യൂരിറ്റി, ഹൗസ് കീപ്പിംഗ് സ്റ്റാഫുകൾക്ക് വേണ്ടി ട്രെയിനിംഗ് ക്ലാസ് സംഘടിപ്പിച്ചു. എം. ഡി. ശ്രീ. പി എം നൗഷാദ് ക്ലാസ്സെടുത്തു.





അച്ചടി & പ്രസിദ്ധീകരണം : നൗഷാദ് പി.എം., മാനേജിംഗ് ഡയറക്ടർ, മുസിരിസ് പ്രൊജക്റ്റ്സ് ലിമിറ്റഡ്, കൊടുങ്ങല്ലൂർ, തൃശ്ശൂർ, കേരള - ഫോൺ 0480 2807717

ഒക്ടോബർ 2020

# മുസിരിസ് വാർത്ത

www.muzirisheritage.org muzirisheritage

മുസിരിസ് പൈതൃക പദ്ധതി



## കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ

# മലയാള ഭാഷയുടെ പ്രകാശഗോപുരം

# കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ മലയാള ഭാഷയുടെ പ്രകാശഗോപുരം



കൊടുങ്ങല്ലൂരിന്റെ പാരമ്പര്യത്തിലെ എന്നും ഒളിമങ്ങാത്ത ശുഭ്രതാരകമാണ് കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ. ഭാഷാചരിത്രത്തിൽ കൊടുങ്ങല്ലൂരിന്റെ എക്കാലത്തേയും വലിയ ചരിത്രമുദ്രണം. ജ്ഞാനവും കവിതയും പ്രയത്നവും ഒരുപോലെ സമന്വയിക്കപ്പെട്ട കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ ജീവിതം എന്നും കൊടുങ്ങല്ലൂർ കാലത്തിനു മുന്നിൽ ഉയർത്തിപ്പിടിച്ച പർവ്വതശിരസ്സായി നിലകൊള്ളുന്നു.


കാവ്യചരിത്രത്തിൽ കുഞ്ഞിക്കുട്ടൻ തമ്പുരാൻ ചെയ്ത സേവനങ്ങൾ പലതുമുണ്ടെങ്കിലും ഏറ്റവും വലിയ അത്ഭുതം മഹാഭാരതത്തിന്റെ പദാനുപദവിവർത്തനമാണ്. വൃത്താനുവൃത്തം, പദാനുപദം മഹാഭാരതമെന്ന ഇതിഹാസകാവ്യത്തെ വെറും 874 ദിവസങ്ങൾ കൊണ്ട് ഒരുലക്ഷത്തി ഇരുപത്തയ്യായിരം ശ്ലോകങ്ങൾ വിവർത്തനം ചെയ്തു തീർത്ത മഹാതപസ്സിനെ പിന്നീട് മഹാഭാരതത്തിന്റെ ഗദ്യവിവർത്തനം നടത്തിയ വിദ്വാൻ കെ പ്രകാശം പോലും വിശേഷിപ്പിച്ചത് 'അവിശ്വസനീയം' എന്നാണ്. വാക്കുകൾ തിരമാലകളെപ്പോലെ ആഞ്ഞടിക്കുന്ന, കൈയ്യുയർത്തിയാൽ ഛന്ദസ്സിൽ പദങ്ങൾ പറന്നുവന്നിരിക്കുന്ന സിദ്ധിവൈഭവം ഒന്നുകൊണ്ടു മാത്രമാണ് കുഞ്ഞിക്കുട്ടൻ തമ്പുരാന് അതു ചെയ്യാനായത്. അതിനാൽ മലയാളം അദ്ദേഹത്തെ ആദരവോടെ അന്വർത്ഥമായ ഒരു പേരു വിളിച്ചു - 'കേരളവ്യാസൻ'.

കൊടുങ്ങല്ലൂർ രാജകുടുംബത്തിൽ 1864 സെപ്റ്റംബർ 18നാണ് കുഞ്ഞിക്കുട്ടൻ തമ്പുരാൻ ജനിച്ചത്. വെണ്മണിക്കവികളെന്നു പുകഴ്പെറ്റ കവികളിലെ വെണ്മണി അച്ഛൻ നമ്പൂതിരിപ്പാട് ആയിരുന്നു പിതാവ്. മാതാവ് കൊടുങ്ങല്ലൂർ കോവിലകത്തെ കുഞ്ഞിപ്പിള്ളത്തമ്പുരാട്ടിയും. വെണ്മണി മഹൻ നമ്പൂതിരിപ്പാട് എന്ന മലയാളത്തിലെ കാവ്യപ്രതിഭ കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ അർദ്ധസഹോദരനായിരുന്നു. രാമവർമ്മ എന്നായിരുന്നു നാമധേയമെങ്കിലും അദ്ദേഹത്തെ ലാളിച്ച് സകലരും 'കുഞ്ഞൻ' എന്നും 'കുഞ്ഞുകുട്ടൻ' എന്നും വിളിച്ചു. പിന്നീടത് അദ്ദേഹത്തിന്റെ പ്രസിദ്ധമായ പേരായിത്തീർന്നു.

കാവ്യനാടകമീമാംസാദിയായ സകലജ്ഞാനങ്ങളുടെയും ഗുരുകുലമായിരുന്നു അന്ന് കൊടുങ്ങല്ലൂർ കോവിലകം. കേരളത്തിന്റെ നാനാഭാഗത്തുനിന്നും കൊടുങ്ങല്ലൂർ കോവിലകത്തു വന്നു പഠിച്ചിരുന്ന വിദ്യാർത്ഥികൾക്കൊപ്പമായിരുന്നു കുഞ്ഞിക്കുട്ടന്റെ ബാല്യം. വിളപ്പിൽ ഉണ്ണിയാശാനിൽ തുടങ്ങി മൂന്നാംകൂർ ഗോദവർമ്മത്തമ്പുരാനിൽ നിന്നും അമ്മാവനായ കുഞ്ഞിരാമവർമ്മ തമ്പുരാനിൽ നിന്നും കുഞ്ഞിക്കുട്ടൻ വിദ്യയഭ്യസിച്ചു. കാവ്യം, മീമാംസ, വ്യാകരണം, തർക്കം, ജ്യോതിഷം എന്നിങ്ങനെ പലമേഖലകളിൽ വിസ്തൃതമായിരുന്നു കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ ഗുരുകുലവിദ്യാഭ്യാസം. ഏറ്റവും പ്രിയപ്പെട്ട വിഷയം വ്യാകരണമായിരുന്നു. അതിവേഗത്തിൽ കാവ്യരചന നടത്തുമ്പോഴും പതറാത്ത വ്യാകരണത്തിന്റെ ഉൾക്കരുത്ത് കുഞ്ഞിക്കുട്ടൻ ചെറുപ്പത്തിലെ ഈ പഠനം കൊണ്ട് ആർജ്ജിച്ചതാണ്. ഏഴുവയസ്സിലേ ആ ബാലൻ കവിതാരചന തുടങ്ങി. അക്ഷരശ്ലോകത്തിലും ദ്രുതകവിതാരചനയിലും ചെറുപ്പത്തിലേ അദ്ദേഹം അദ്വിതീയനായി. കൗമാരമായപ്പോഴേക്കും മറ്റെല്ലാ വിഷയങ്ങളിൽ നിന്നും കവിതയിലേക്ക് അദ്ദേഹത്തിന്റെ ശ്രദ്ധ കേന്ദ്രീകരിക്കപ്പെട്ടു. അത് കൈരളിയുടെ മഹാസാഫല്യമായി പരിണമിച്ചു.

22 മത്തെ വയസ്സിലാണ് കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ ആദ്യകൃതിയായ കവിഭാരതം പ്രകാശിപ്പിക്കപ്പെടുന്നത്. അനന്യസാധാരണമായ ആത്മവിശ്വാസവും ആർജ്ജവവും അന്നേ അദ്ദേഹത്തിനുണ്ടായിരുന്നു. 1065ൽ രചിച്ച 'ലക്ഷണാസംഗ'ത്തിൽ അദ്ദേഹം സ്വയം വിശേഷിപ്പിച്ചത് 'നരപതി കുഞ്ഞിക്കുട്ടൻ സരസദ്രുതകവി കിരീടമണിയല്ലോ' എന്നാണ്. ഈ സ്ഥൈര്യമാണ് മറ്റാരും പകച്ചുനിൽക്കുന്ന മഹാപ്രയത്നങ്ങൾ ഏറ്റെടുക്കാനും പൂർത്തിയാക്കാനും അദ്ദേഹത്തെ പ്രാപ്തനാക്കിയത്. ദ്രുതകവനത്തിനൊപ്പം ദ്രുതനാടകരചനയും തമ്പുരാന് കരതലാമലകമായിരുന്നു. അഞ്ചങ്കങ്ങളുള്ള ഗംഗാവതരണം കേവലം അഞ്ചുമണിക്കൂർ കൊണ്ട് എഴുതിത്തീർത്ത് പണ്ഡിതരെ ഞെട്ടിച്ച അദ്ദേഹം എട്ടോളം ദ്രുതനാടകങ്ങൾ രചിച്ചു.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തോടെ മലയാളസാഹിത്യത്തിൽ വലിയ ഭാവുകത്വപരിണാമം സംഭവിച്ചു. കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ നേതൃത്വത്തിൽ സംസ്കൃതവാദത്തിലധിഷ്ഠിതമായ കേരളവർമ്മ പ്രസ്ഥാനവും കൊടുങ്ങല്ലൂർ കളരിയുടെ തണലിൽ വെണ്മണി പ്രസ്ഥാനവും അക്കാലത്തു വളർന്നുവന്നു. രണ്ട് പ്രസ്ഥാനങ്ങളും മലയാളത്തിന് നൽകിയ സംഭാവനകൾ അനവധിയാണ്. വെണ്മണിപ്രസ്ഥാനത്തിന്റെ നെടുനായകത്വം കുഞ്ഞിക്കുട്ടൻ തമ്പുരാനിലായിരുന്നു. സംസ്കൃത ജടിലമായ അന്തരീക്ഷത്തിൽ നിന്ന് പച്ചമലയാളത്തിലേക്ക് മലയാണ്മയെ ആനയിച്ചത് വെണ്മണി പ്രസ്ഥാനമാണ്. സംസ്കൃതപദങ്ങൾ ഉപേക്ഷിച്ച്, പൂർണമായും മലയാളത്തിൽ കൃതികളെഴുതുന്ന ഈ പുതിയ കാവ്യരീതിശാസ്ത്രത്തിൽ കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ നേതൃത്വത്തിൽ അനേകം




കവികൾ ഒരു പ്രസ്ഥാനമായി വളർന്നുവന്നു. മികച്ച സംസ്കൃത പണ്ഡിതന്മാരായിരുന്ന ഒരു കൂട്ടം കവികൾ മലയാളത്തിന്റെ തനതുശൈലിയിലേക്ക് വഴിമാറിനടന്നത് ഭാഷയുടെ വളർച്ചയിൽ വലിയ പങ്കുവഹിച്ചു. 'കൂടൽ മാണിക്യ'വും 'പാലുള്ളിചരിത'വുമടക്കം അനവധി കൃതികൾ കുഞ്ഞിക്കുട്ടൻ തമ്പുരാൻ ഈ വഴിയിൽ രചിച്ചിട്ടുണ്ട്.


അലങ്കാരം, ശബ്ദം, വൈദ്യം, വ്യാകരണം എന്നിങ്ങനെ പലമേഖലകളിലായി തമ്പുരാന്റെ സംഭാവനകൾ കൈരളിയെ സമ്പന്നമാക്കിയിട്ടുണ്ട്. 1903ൽ കോട്ടക്കൽ പി വി കൃഷ്ണവാര്യരുടെ വീട്ടിൽ നിന്ന് കുഞ്ഞിക്കുട്ടൻ തമ്പുരാൻ കണ്ടെടുത്ത ലീലാതിലകം മലയാളസാഹിത്യ ചരിത്രത്തിലെ അനർഘനിധിയാണ്. തർജ്ജമകളിൽ കുഞ്ഞിക്കുട്ടൻ തമ്പുരാനാന്റെ അനായാസതയും കൃത്യതയും അദ്വിതീയമായിരുന്നു. ഭാഗവതം, കാംദംബരി, കഥാസാരം, വിക്രമോർവ്വശീയം, ആശ്ചര്യചൂഢാമണി, അഭിജ്ഞാനശാകുന്തളം എന്നിങ്ങനെ നിരവധി സംസ്കൃതകൃതികൾ തമ്പുരാനിലൂടെ മലയാളത്തിലെത്തിച്ചേർന്നു. ഷേക്സ്പിയറുടെ ഹാംലറ്റും തമ്പുരാൻ തർജ്ജമ ചെയ്തിട്ടുണ്ട്. ഈ മഹാപ്രയത്നങ്ങൾക്കിടയിലും കിടയറ്റ ഒരു സംഘാടകനായിരുന്നു തമ്പുരാൻ. 'കൊടുങ്ങല്ലൂർ ഭാഷാപോഷിണി സഭ' എന്ന സാഹിത്യസംഘടന രൂപീകരിച്ചത് തമ്പുരാനാണ്. വിദ്യാവിനോദിനി, മലയാളമനോരമ, രസികരഞ്ജിനി എന്നീ സാഹിത്യ പ്രസിദ്ധീകരണങ്ങളിലൂടെയാണ് തമ്പുരാന്റെ പല പ്രധാനകൃതികളും പ്രകാശിതമായത്.

1913 ജനുവരി 22 ന് നാൽപ്പത്തിയെട്ടാമത്തെ വയസ്സിൽ കുഞ്ഞിക്കുട്ടൻ തമ്പുരാൻ ചരമമടഞ്ഞു. ഇനിയും ചെയ്തുതീർക്കാൻ പലതും ബാക്കിയാണെന്നും അവക്കായി ഇനിയുള്ള കാലം കഠിനാദ്ധ്വാനം വേണമെന്നും അന്നും ആ പരിശ്രമി ആഗ്രഹിച്ചിരുന്നു. മഹാഭാരതവിവർത്തനം എന്ന യജ്ഞം പൂർത്തിയാക്കിയശേഷം അദ്ദേഹം സുഹൃത്തുക്കളോട് പറഞ്ഞത് "കഴിഞ്ഞു ഭാരതം ഭാരമൊഴിഞ്ഞു വലുതൊന്നിനി, പൊഴിഞ്ഞൂറും രസാൽ വേറെച്ചുഴിഞ്ഞുക്കിൽ പിടിക്കണം" എന്നായിരുന്നു. പതിനെട്ടുപുരാണങ്ങളും മലയാളത്തിലേക്കു വിവർത്തനം ചെയ്യപ്പെടുക എന്ന സ്വപ്നം കുഞ്ഞിക്കുട്ടൻ തമ്പുരാൻ ബാക്കിവെച്ചു യാത്രയായി.

"കിമ കുർവ്വത സഞ്ജയ" എന്നു കേട്ടാലുടനേ ' എന്തേ ചെയ്തു സഞ്ജയ" എന്നു തർജ്ജമ സാധിക്കുന്ന ആ മാസ്മരം മലയാളത്തിന്റെ എക്കാലത്തേയും വലിയ പ്രകാശഗോപുരമാണ്. കൊടുങ്ങല്ലൂരിന്റെ മഹാപാരമ്പര്യത്തിൽ നിന്ന് മലയാളഭാഷ ഉള്ളിടത്തോളം കാലം അനശ്വരമായി നിലനിൽക്കുന്ന പ്രകാശഗോപുരമായി കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ ഇന്നും ഭാഷയിൽ ജീവിക്കുന്നു.

# നാട്യാചാര്യന്റെ ജീവിതമുദ്രകൾ

## കലാചരിത്രത്തിലെ കൊടുങ്ങല്ലൂർ സ്പർശം






കേരളീയ കലാചരിത്രത്തിൽ അതീവ പ്രാധാന്യമർഹിക്കുന്ന പുസ്തകമാണ് 'നാട്യാചാര്യന്റെ ജീവിതമുദ്രകൾ'. കഥകളിയിലെ പരാമാചാര്യനായിരുന്ന പട്ടിക്കാന്തൊടി രാവുണ്ണിമേനോന്റെ ജീവചരിത്രമാണത്.

ആധുനിക കഥകളിയുടെ പരമാചാര്യനായ പട്ടിക്കാന്തൊടിയുടെ ഈ ജീവചരിത്രം ഒരു കാലത്തിന്റെ ചരിത്രരേഖ കൂടിയാണ്. ആഴത്തിൽ കൊടുങ്ങല്ലൂർ കളരിയുമായും ഈ പുസ്തകം ബന്ധപ്പെട്ടിരിക്കുന്നു. കാരണം, പട്ടിക്കാന്തൊടി രാവുണ്ണിമേനോൻ രസാഭിനയം അഭ്യസിച്ചത് കൊടുങ്ങല്ലൂർ കളരിയിലാണ്.  അന്നത്തെ കൊടുങ്ങല്ലൂർ കളരിയുടെ വൈജ്ഞാനികമായ ആഴവും ആധികാരികതയും വിശദാംശങ്ങളും ഈ പുസ്തകത്തിൽ സൂചിപ്പിക്കപ്പെടുന്നുണ്ട്.

കഥകളിയഭ്യാസം പൂർത്തിയാക്കി മികച്ച കഥകളിനടനെന്നു പേരെടുത്തെങ്കിലും പലയിടങ്ങളിൽ നിന്നായി 'രസാഭിനയം പോര' എന്ന പരാതി കേട്ട് നിരാശനായാണ് പട്ടിക്കാംതൊടി രാവുണ്ണിമേനോൻ കൊടുങ്ങല്ലൂരെത്തുന്നത്. "കൊടുങ്ങല്ലൂർ കോവിലകം അന്ന് അക്ഷരാർത്ഥത്തിൽ തന്നെ ഒരു സർവ്വകലാശാലയായിരുന്നു, അവിടെച്ചെന്നാൽ അഭ്യസിക്കാനാവാത്ത വിഷയങ്ങളോ തീരാത്ത സംശയങ്ങളോ ഉണ്ടായിരുന്നില്ല. അന്യദേശങ്ങളിൽ നിന്നുപോലും പലരും പല വിഷയങ്ങളും അവിടെ വന്ന് അദ്ധ്യയനം നടത്തിയിരുന്നു" എന്ന് പുസ്തകത്തിൽ പറയുന്നുണ്ട്.

പട്ടിക്കാന്തൊടിയെ അന്ന് അഭ്യസിപ്പിച്ചത് കവിസാർവ്വഭൗമൻ എന്നു പേരെടുത്ത ചെറിയ കൊച്ചുണ്ണിത്തമ്പുരാനും കുഞ്ഞുണ്ണിത്തമ്പുരാനുമായിരുന്നു. ഒളപ്പമണ്ണ തിരുമനസ്സിന്റെ കത്തുമായി കയറിച്ചെന്ന പട്ടിക്കാന്തൊടിക്ക് കൊച്ചുണ്ണിത്തമ്പുരാൻ ആദ്യമേ വായിച്ചുനോക്കാൻ കൊടുത്തത് നാട്യശാസ്ത്രമാണ്. പിറ്റേന്ന് അതു പലയിടത്തായി വായിച്ചുനോക്കി ചെന്ന രാവുണ്ണിമേനോ 'ഇതിൽ പറഞ്ഞതെല്ലാം അഭ്യസിക്കാൻ ഒരു പുരുഷായുസ്സു കൊണ്ടാവുമോ" എന്ന സംശയം പ്രകടിപ്പിച്ചു. ' നാട്യശാസ്ത്രമെന്നാൽ നിസ്സാരമൊന്നുമല്ല. ആ വലിപ്പം ബോദ്ധ്യപ്പെടാൻ തന്നെയാണ് ഇത് വായിക്കാൻ പറഞ്ഞത്. ഇതു മുഴുവൻ കഥകളിക്കാർക്ക് ആവശ്യമില്ല. ആവശ്യമുള്ളത് പകർത്തിത്തരാം" എന്നു കൊച്ചുണ്ണിത്തമ്പുരാൻ പറയുകയും ഒരുമാസം കൊടുങ്ങല്ലൂർ ശ്രീകുംരുബയെ ഭജിക്കാൻ ഉപദേശിക്കുകയും ചെയ്തു. ഈ കൊടുങ്ങല്ലൂർ വാസക്കാലം പട്ടിക്കാന്തൊടിയുടെ ജീവിതത്തെയും രംഗജീവിതത്തെയും ആകെ മാറ്റിമറിച്ചു. കൊടുങ്ങല്ലൂർ കളരിയിൽ നിന്ന് പട്ടിക്കാന്തൊടിയിലൂടെ കഥകളിയിൽ നടന്ന മാറ്റങ്ങൾ പുസ്തകത്തിൽ പ്രതിപാദിക്കുന്നുണ്ട്. അഞ്ചുമുദ്രകൾ കൊണ്ട് പൊതുവേ കാണിച്ചിരുന്ന അഭിനയസമ്പ്രദായം മാറ്റി ഹസ്തലക്ഷണദീപിക എന്ന ഗ്രന്ഥത്തിന്റെ അടിസ്ഥാനത്തിൽ 24 അടിസ്ഥാനമുദ്രകളിലുള്ള മുദ്രാഭിനയസമ്പ്രദായവും രസാഭിനയത്തിന്റെ സൂക്ഷ്മപാഠങ്ങളും പട്ടിക്കാന്തൊടി കൊടുങ്ങല്ലൂരിൽ നിന്ന് അഭ്യസിച്ചു. നാട്യശാസ്ത്രത്തിലെ പ്രസക്തഭാഗങ്ങളും മറ്റു രസസിദ്ധാന്തങ്ങളുമായി രാവുണ്ണിമേനോൻ കൊടുങ്ങല്ലൂരിൽ വെച്ചു പരിചയപ്പെട്ടതിൽ തുടർന്ന് അദ്ദേഹം നടത്തിയ മാറ്റങ്ങളാണ് ആധുനിക കഥകളിക്കളരിയുടെയും അരങ്ങിന്റെയും അടിസ്ഥാനമായിത്തീർന്നത്.

പട്ടിക്കാന്തൊടിയുടെ കൊടുങ്ങല്ലൂർ ഭജനകാലത്തെ പല അനുഭവങ്ങളും ഈ പുസ്തകത്തിൽ വർണ്ണപ്പകിട്ടോടെ വിവരിക്കപ്പെടുന്നു.

അതിശയോക്തിപരവും മിത്തിന്റെ സ്വാധീനമുള്ളതുമായ ഈ കഥകളിൽ നിന്ന് അന്നത്തെ കൊടുങ്ങല്ലൂരിന്റെ വൈജ്ഞാനികസ്വഭാവം കൂടുതൽ വ്യക്തമാവുന്നു. ഇവയ്ക്കു പുറമേ പട്ടിക്കാന്തൊടിയോടുള്ള പ്രിയം കൊണ്ട് കൊടുങ്ങല്ലൂർ തമ്പുരാക്കാന്മാർ കഥകളിയിൽ ആടാനായി 75 ശ്ലോകങ്ങളും എഴുതിക്കൊടുത്തു. രാവുണ്ണിമേനോൻ അരങ്ങിലെത്തിച്ചും അഭ്യസിപ്പിച്ചും കഥകളിയിൽ നടപ്പിൽ വരുത്തിയ ഈ പല ശ്ലോകങ്ങളും ഇന്നും കഥകളിയിൽ കാണാം. മുഖത്തിലെ ഉഴിച്ചിൽ, നേത്രസാധകം, സ്ഥായി, സഞ്ചാരീ ഭാവങ്ങൾ, പദാർത്ഥ - വാക്യാർത്ഥ



അഭിനയങ്ങൾ എന്നിവയുടേയെല്ലാം ശാസ്ത്രീയജ്ഞാനം പട്ടിക്കാന്തൊടി നേടുന്നത് കൊടുങ്ങല്ലൂർ കോവിലകത്തു നിന്നാണ്. വർഷങ്ങൾക്കു ശേഷം ശൃംഗപുരം ക്ഷേത്രത്തിൽ കിർമീരവധം ധർമ്മപുത്രർ എന്ന വേഷം ചെയ്യാനായി രാവുണ്ണിമേനോൻ എത്തിയപ്പോൾ പ്രായാധിക്യത്തിന്റെ ശാരീരികവിഷമതകൾ ഉണ്ടായിട്ടും ഭാഗവതർ കുഞ്ഞുണ്ണിത്തമ്പുരാൻ തന്റെ ശിഷ്യന്റെ വേഷം ചെന്ന് ഇരുന്നു കാണുകയും അഭിനനന്ദമറിയിക്കുകയും ചെയ്തു.

കൊടുങ്ങല്ലൂർ കോവിലകത്തിലെ അന്നത്തെ വൈജ്ഞാനികതയുടെ വിസ്തൃതി ബോദ്ധ്യപ്പെടുത്തുന്നതാണ് ഈ ജീവചരിത്രത്തിലെ 'കൊടുങ്ങല്ലൂരിലെ നാട്യോപാസന' എന്ന അദ്ധ്യായം. മഹാകവി കുഞ്ഞിക്കുട്ടൻതമ്പുരാൻ അന്ന് കവിതയുമായി ദേശസഞ്ചാരത്തിലായിരുന്നു. എന്നിട്ടും ഇടയിൽ കോവിലകത്തെത്തുമ്പോൾ പുറത്തുള്ള വിവരങ്ങൾ പട്ടിക്കാന്തൊടിയുമായി സംസാരിച്ചിരുന്നു. 'രാവുണ്ണോമേനോൻ കൊടുങ്ങല്ലൂർക്ക് രസം കൊണ്ടുവരാൻ പോയിട്ടുണ്ട്, വന്നാൽ നമുക്കൊക്കെ കുറേശ്ശെ വാങ്ങാം' എന്ന് അന്ന് പുറത്തുണ്ടായിരുന്ന കഥകളിക്കാരുടെ പരിഹാസമെല്ലാം പട്ടിക്കാന്തൊടിയെ അറിയിക്കുന്നത് കുഞ്ഞുക്കുട്ടൻ തമ്പുരാനാണ്. പരിഹസിച്ചതാണെങ്കിലും പട്ടിക്കാന്തൊടി കൊണ്ടുവന്ന രസം കഥകളി ഒന്നാകെ വാങ്ങുകയും അത് കഥകളിയുടെ സമഗ്രമായ രുചിയായി പരിണമിക്കുകയും ചെയ്തു എന്നതാണ് ചരിത്രം.

കലാചരിത്രത്തിലെ ഈ അവിസ്മരണീയമായ പുസ്തകത്തിൽ കൊടുങ്ങല്ലൂരിന്റെ വൈജ്ഞാനികമഹത്വം ആഴത്തിൽ രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു. പട്ടിക്കാന്തൊടിയുടെ പുത്രനും പ്രമുഖ കഥകളിയാചാര്യനുമായ കലാമണ്ഡലം പദ്മനാഭൻ നായരും ഞായത്ത് ബാലനും ചേർന്നാണ് ഈ ജീവചരിത്രം രചിച്ചിരിക്കുന്നത്. കേരളത്തിന്റെ അഭിമാനകലാരൂപമായ കഥകളിയുടെ ഉദ്ഗ്രഥനത്തിലെ ആധികാരികമായ കൊടുങ്ങല്ലൂർ സ്വാധീനം ഈ പുസ്തകത്തിന്റെയും കലാചരിത്രത്തിന്റെയും പ്രധാന്യമർഹിക്കുന്ന വസ്തുതകളാണ്.

# കോട്ടപ്പുറം ചിൽഡ്രൻസ് പാർക്ക് ഉദ്ഘാടനം




മുസിരിസ് പ്രോജക്ട്സ് കോട്ടപ്പുറം ചിൽഡ്രൻസ് പാർക്ക് ഉൽഘാടനം 16\10\2020 വൈകിട്ട് 4 മണിക്ക് കൊടുങ്ങല്ലൂർ MLA അഡ്വ .വി. ആർ. സുനിൽ കുമാർ നിർവഹിച്ചു പദ്ധതിപ്രദേശങ്ങൾ മുഴുവൻ മുസിരിസ് പ്രോജക്ടിന്റെ ഭാഗമായി സൗന്ദര്യവത്കരിക്കുന്ന പദ്ധതി നടന്നുവരികയാണെന്നും , കൂടുതൽ ഭാഗങ്ങളിലേക്ക് അത് വിപുലീകരിക്കണമെന്നും , CCTV ക്യാമറകൾ വെയ്ക്കുന്ന കാര്യം അവതരിപ്പിക്കുകയും , മുസിരിസിലൂടെ കൊടുങ്ങല്ലൂരിന്റെ ചരിത്രം വിപുലമായി പറയുവാൻ ഈ പദ്ധതിക്ക് കഴിഞ്ഞിട്ടുണ്ട്. തിരുവഞ്ചിക്കുളം ക്ഷേത്രം, ചേരമാൻ പള്ളി , കീഴ്ത്തളി തുടങ്ങിയവ എല്ലാം ഒത്തു ചേരുന്ന മതേതരമായ കൊടുങ്ങല്ലൂരിന്റെ സാംസ്കാരിക ചരിത്രം വളച്ചൊടിക്കാനുള്ള എല്ലാ ശ്രമങ്ങളും പരാചയപ്പെടുമെന്നും MLA പറഞ്ഞു . യോഗത്തിൽ മുൻസിപ്പൽ ചെയർമാൻ K.R. ജൈത്രൻ അധ്യക്ഷത വഹിച്ചു . മുസരിസ് മാനേജിങ് ഡയറക്ടർ P.M. നൗഷാദ് സ്വാഗതം പറഞ്ഞ യോഗത്തിൽ നഗരസഭ വൈസ്ചെയർപേഴ്സൻ ശ്രീമതി. ഹണി പീതാംബരൻ, തങ്കമണി സുബ്രഹ്മണ്യൻ , K.S. കൈസാബ്, ജോണി.V.M, ശ്രീമതി. പ്രിൻസി മാർട്ടിൻ എന്നിവർ പങ്കെടുത്തു. മുസിരിസ് മാർക്കറ്റിംഗ് മാനേജർ ശ്രീ. ഇബ്രാഹിം സബിൻ നന്ദി രേഖപ്പെടുത്തി.

# പതിനെട്ടരയാളം കോവിലകം പുനരുദ്ധാരണ ഉദ്ഘാടനം



പതിനെട്ടരയാളം കോവിലകം പുനരുദ്ധാരണ ഉദ്ഘാടനം ഇ ടി ടൈസൺ മാഷ് എം എൽ എ നിർവ്വഹിച്ചു. എടവിലങ്ങ് വില്ലേജ് ഓഫീസിനു സമീപം സ്ഥിതി ചെയ്യുന്ന കോവിലകം മുസിരിസ് പൈതൃക പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് പുനരുദ്ധാരണം നടത്തുന്നത്. പൂർണമായും ജീർണ്ണാവസ്ഥയിലായ കെട്ടിടം അതിന്റെ പഴമ നിലനിർത്തി ചുറ്റിലും നടപ്പാത, ഇരിപ്പിടങ്ങൾ, കവാടം, നടപ്പന്തൽ എന്നിവ സ്ഥാപിക്കും.

ചടങ്ങിൽ എടവിലങ്ങു ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. എ പി ആദർശ് അദ്ധ്യക്ഷനായി. മുസിരിസ് പൈതൃക പദ്ധതി മാനേജിങ് ഡയറക്ടർ പി എം നൗഷാദ് സ്വാഗതം പറഞ്ഞു. പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീമതി മിനി തങ്കപ്പൻ, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ എം വി ഇന്ദിര, സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ എം ജി അനിൽകുമാർ, അംബിക അശോകൻ, സുമ വത്സൻ, , വാർഡ് മെമ്പർ പി കെ സുരേഷ് കുമാർ, വില്ലേജ് ഓഫീസർ ശ്രീമതി ഫിലോമിന എന്നിവർ സംസാരിച്ചു. മുസിരിസ് പൈതൃക പദ്ധതി മാർക്കറ്റിംഗ് മാനേജർ ഇബ്രാഹിം സബിൻ നന്ദി പറഞ്ഞു..



# മുനിസിപ്പൽ കൗൺസിലർമാരുടെ ബോട്ട് യാത്ര

കൊടുങ്ങല്ലൂർ മുനിസിപ്പൽ കൗൺസിലർമാർ ഹോപ് ഓൺ ഹോപ് ഓഫ് ബോട്ട് യാത്ര നടത്തി. കൊടുങ്ങല്ലൂർ MLA ശ്രീ വി ആർ സുനിൽകുമാർ പങ്കെടുത്തു. സംഘം പാലിയം കൊട്ടാരം, സഹോദരൻ അയ്യപ്പൻ സ്മാരകം, അഴിമുഖം എന്നിവിടങ്ങൾ സന്ദർശിച്ചു.

അച്ചടി & പ്രസിദ്ധീകരണം : നൗഷാദ് പി.എം., മാനേജിംഗ് ഡയറക്ടർ, മുസിരിസ് പ്രൊജക്റ്റ്സ് ലിമിറ്റഡ്, കൊടുങ്ങല്ലൂർ, തൃശ്ശൂർ, കേരള - ഫോൺ 0480 2807717